LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക തട്ടിപ്പുകേസ്സുകൾ

244 (2072) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് എത്ര സാമ്പത്തിക തട്ടിപ്പു കേസുകൾ രജിസ്റ്റർ ചെയ്തെന്ന് വെളിപ്പെടുത്താമോ ;

(ബി) സാമ്പത്തിക തട്ടിപ്പുകേസ്സിൽ ആകെ എത്ര പ്രതികളുണ്ടെന്ന് വിശദമാക്കാമോ ;

(സി) ഓരോ കേസിലും എത്ര രൂപയുടെ തട്ടിപ്പാണ് നടത്തിയതെന്നും ആകെ എത്ര കോടി രൂപയുടെ തട്ടിപ്പാണെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് 4410 സാമ്പത്തിക തട്ടിപ്പ് കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) ഈ സാമ്പത്തിക തട്ടിപ്പ് കേസ്സുകളിൽ ആകെ 8964 പ്രതികൾ ഉണ്ട്.

(സി) ഓരോ കേസിലും എത്ര രൂപയുടെ തട്ടിപ്പാണ് നടത്തിയത് എന്നുള്ള വിവരം ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.* പരാതികൾ പ്രകാരം ഏകദേശം 742,94,79,728 (എഴുന്നൂറ്റി നാൽപ്പത്തിരണ്ട് കോടി തൊണ്ണൂറ്റിനാല് ലക്ഷത്തി എഴുപത്തി ഒൻപതിനായിരത്തി എഴുന്നൂറ്റി ഇരുപത്തിയെട്ട്) രൂപയുടെ തട്ടിപ്പാണ് നടന്നിരിക്കുന്നത്.

കാസർഗോഡ് ജില്ലയ്ക്ക് പ്രത്യേക പാക്കേജുകൾ

245 (2073) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയുടെ പ്രത്യേകസാഹചര്യം കണക്കിലെടുത്ത് ആഭ്യന്തര വകുപ്പ് ഏതെല്ലാം പ്രത്യേക പാക്കേജുകളാണ് അനുവദിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത പാക്കേജ് പ്രകാരം ജില്ലയ്ക്ക് അനുവദിക്കപ്പെട്ട പ്രത്യേക ആനുകൂല്യങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ ;

(സി) മറ്റു ജില്ലകളെ അപേക്ഷിച്ച് കാസർഗോഡ് ജില്ലയിൽ പോലീസ് സേനയിലും അനുവദിക്കുന്ന പോലീസ് വാഹനങ്ങളിലും വർദ്ധനവ് ഉണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) കാസർഗോഡ് ജില്ലയുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് 150 സിവിൽ പോലീസ് ഓഫീസർമാർ, 15 എ.എസ്.ഐ.മാർ, 10 ഡ്രൈവർ പോലീസ് കോൺസ്റ്റബിൾമാർ, 50 ടൂവീലർ, 5 ടവേര, 1 ബസ്, 82 നിരീക്ഷണ ക്യാമറ, 200 സി.യു.ജി. സിം കാർഡ് എന്നിവ പ്രത്യേക പാക്കേജായി കാസർഗോഡ് ജില്ലയ്ക്ക് അനുവദിച്ചിട്ടുണ്ട്.

(സി) ഉണ്ട്. കാസർഗോഡ് ജില്ലയിൽ ആകെ 284 എണ്ണം വിവിധതരം വാഹനങ്ങൾ ഉണ്ട്. ടി വാഹനങ്ങളുടെ എണ്ണം മറ്റ് ചില പോലീസ് ജില്ലകളിലെ വാഹനങ്ങളുടെ എണ്ണത്തിന് സമാനവും മറ്റ് ചില ജില്ലകളിലെ വാഹനങ്ങളുടെ എണ്ണത്തെക്കാൾ കൂടുതലുമാണ്.

വെഞ്ഞാറമൂട് പോലീസ് സബ് ഇൻസ്പെക്ടർ ശ്രീ. റിയാസ് രാജിനെതിരെയുള്ള നടപടി

246 (2074) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പ്രവാസി സംഘം സംസ്ഥാന എക്സിക്യൂട്ടീവ് അംഗവും തിരുവനന്തപുരം ജില്ലാസെക്രട്ടറിയുമായ സജീവ് തൈക്കാടിന്റെ വീട് അന്യായമായി ആക്രമിച്ച വെഞ്ഞാറമൂട് പോലീസ് സബ് ഇൻസ്പെക്ടർ ശ്രീ. റിയാസ് രാജിനെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) അർദ്ധരാത്രിയിൽ വീടുകൾ റെയ്ഡ് നടത്തുന്നതിന് ബഹു. സുപ്രീം കോടതി നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ പ്രസ്തുത ഉദ്യോഗസ്ഥൻ പാലിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) പോലീസ് ചട്ടങ്ങൾക്ക് വിരുദ്ധമായി, പ്രതികാര മനോഭാവത്തോടെ പൗരന്മാരോട് പെരുമാറുന്ന ഇത്തരം ഉദ്യോഗസ്ഥരെ മാതൃകാപരമായി ശിക്ഷിക്കുന്നതിന് ആഭ്യന്തര വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) വെഞ്ഞാറമൂട് പോലീസ് സബ് ഇൻസ്പെക്ടർ ശ്രീ. റിയാസ് രാജിനെതിരെ വകുപ്പുതല അച്ചടക്ക നടപടി (ഓറൽ എൻക്വയറി) ഉത്തരവാകുകയും അന്വേഷണത്തിന് തിരുവനന്തപുരം റൂറൽ ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പി.-യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) വീടുകൾ റെയ്ഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന കാര്യവും അറസ്റ്റുമായി ബന്ധപ്പെട്ട സുപ്രീം കോടതി നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന കാര്യവും വകുപ്പുതല നടപടിയുടെ ഭാഗമായ അന്വേഷണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രതികാര മനോഭാവത്തോടെ പൗരന്മാരോട് പെരുമാറുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശനമായ വകുപ്പുതല ശിക്ഷാനടപടികളും ആവശ്യമെങ്കിൽ നിയമനടപടികളും സ്വീകരിക്കുന്നുണ്ട്.